# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 6300 20.11.2019 -ൽ മറുപടിക്ക്

### നവജീവൻ പദ്ധതി

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സ്വകാര്യ മേഖലയിലും, കാർഷിക രംഗത്തും ആവശ്യമുള്ള തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സ്വകാര്യ മേഖലയിൽ ആവശ്യമുള്ള തൊഴിലാളികളെ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്റർ എന്നിവ വഴി സംഘടിപ്പിക്കുന്ന ജോബ് ഫെയറുകൾ/പ്ലേസ്മെന്റ് ഡ്രൈവുകൾ എന്നിവ എംപ്ലോയ്മെന്റ് വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ സ്വകാര്യ മേഖലയിൽ തൊഴിലാളികളെ ലഭ്യമാക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറും നടത്തി വരുന്നു. പ്ലാന്റേഷൻ കോർപ്പറേഷൻ, അഗ്രിഫാം, റബ്ബർ ബോർഡ്, തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് കാർഷിക രംഗത്ത് ആവശ്യമായ തൊഴിലാളികളെ ഉദ്യോഗദായകന്റെ ആവശ്യാനുസരണം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നൽകാറുണ്ട്. |
| (ബി) | ഇതിനകം എത്ര പേർക്ക് ഈ മേഖലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നൽകി; | (ബി) | എംപ്ലോയബിലിറ്റി സെന്ററുകൾ വഴി 2019 ആഗസ്റ്റ് 31 വരെ 1380 ജോബ് ഫെയറുകൾ സംഘടിപ്പിക്കുകയും അതുവഴി 52,289 പേർക്ക് സ്വകാര്യ മേഖലയിൽ ജോബ് ഓഫറുകൾ നൽകിയിട്ടുമുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാർ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ വഴി നാളിതുവരെയായി 29 പ്ലേസ്മെന്റ് ഡ്രൈവുകൾ സംഘടിപ്പിക്കുകയും 849 പേർക്ക് സ്വകാര്യ മേഖലയിലെ വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ വകുപ്പ് നടത്തിവരുന്ന നിയുക്തി തൊഴിൽ മേളകളിലൂടെ നാളിതുവരെ 23692 പേർക്ക് സ്വകാര്യമേഖലയിൽ തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അമ്പത്തിയഞ്ചിനും അറുപത്തിയഞ്ചിനും ഇടയിൽ വയസ്സുള്ളവർക്ക് നവജീവനെന്ന പേരിൽ സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത **50-65** പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്ക് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ വകുപ്പ് നേരിട്ട് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് നവജീവൻ. ഈ പദ്ധതിയ്ക്ക് സ.ഉ (കൈ) നം. **16/17**/തൊഴിൽ തീയതി **20-03-2017** പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ കരട് ചട്ടങ്ങൾക്ക് അംഗീകാരം നൽകുന്നത് സർക്കാരിന്റെ പരിശോധനയിലാണ്. നവജീവൻ പദ്ധതിയ്ക്ക് രണ്ട് ഘടകങ്ങൾ ഉണ്ട്, സ്വയംതൊഴിൽ പദ്ധതിയും ഡാറ്റാ ബാങ്കും. മുതിർന്ന പൗരന്മാർക്ക് അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളിലൂടെ പലിശ രഹിത വായ്പ നൽകുവാനാണ് സ്വയംതൊഴിൽ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. വിവിധ മേഖലകളിൽ പരിചയവും വൈദഗ്ധ്യവും ആർജ്ജിച്ചിട്ടുള്ള മുതിർന്ന പൗരന്മാരുടെ സേവനം സമൂഹത്തിന്റെ ഉന്നമനത്തിനും പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതാണ് പദ്ധതിയുടെ രണ്ടാമത്തെ ഘടകം കൊണ്ട് ഉദ്ദേശിക്കുന്നത്. ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**